**Lalith Babu**

**വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ച അപേക്ഷകൻ മേൽവിലാസത്തിൽ ഇല്ലെന്ന പോസ്റ്റൽ അധികാരികളുടെ കുറിപ്പോടുകൂടി കത്ത് മടങ്ങിവരികയാണെങ്കിൽ ഫയലിൽ നടപടികൾ അവസാനിപ്പിക്കാവുന്നതാണ്**

2. പരാതിയിൽ നോട്ടീസ് നൽകിയതനുസരിച്ച്, എതൃകക്ഷി 07.04.2009 തീയതി വച്ച് കമ്മിഷൻ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരാതിക്കാരന്റെ അപേക്ഷ തീർപ്പാക്കി അപേക്ഷയിൽ നൽകിയിരുന്ന മേൽവിലാസത്തിൽ 07.03.2009 ന് രജിസ്ട്രേഡ് തപാലായി മറുപടി അയച്ചിരുന്നുവെന്നും എന്നാൽ ഇങ്ങനെയൊരാൾ ഈ മേൽവിലാസത്തിൽ ഇല്ലെന്ന പോസ്റ്റൽ അധികാരികളുടെ കുറിപ്പോടുകൂടി കത്ത് കമ്പനിയിൽ മടങ്ങിവരുകയാണുണ്ടായതെന്നും എതൃകക്ഷി കമ്മിഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു. മടങ്ങി വന്ന കവറിന്റെ ഫോട്ടോകോപ്പി എതൃകക്ഷി കമ്മിഷൻ മുമ്പാകെ ഹാജരാക്കിയിരുന്നു.

3. പരാതിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷ തീർപ്പാക്കി സമയബന്ധിതമായി എതൃകക്ഷി മറുപടി ൻൽകിയിരുന്നുവെന്നു കാണുന്നതിനാൽ പരാതിയിൽ മേൽ നടപടി അവസാനിപ്പിച്ച് കമ്മിഷൻ ഇതിനാൽ ഉത്തരവാകുന്നു.

പരാതി ഇപ്രകാരം തീർപ്പാക്കി ഇന്നേ ദിവസം 2009 ഏപ്രിൽ മാസം 30–ാം തീയതി കമ്മിഷൻ ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.